## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1986 — 14.08.2017 ൽ മറുപടിയ്ക്ക്

## ഭക്ഷ്യധാന്യ ഇറക്കുമതിയ്ക്ക് കരാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഭക്ഷ്യധാന്യ ഇറക്കുമതിയ്ക്ക് ആന്ധ്രാ സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;<br>(ബി) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ വിശദമാക്കുമോ;<br>(സി) ഓണക്കാലത്ത് രൂക്ഷമായ വിലക്കയറ്റവും സാധനങ്ങളുടെ ദൗർലഭ്യവും പരിഹരിക്കുന്നതിന് ഈ കരാർ പ്രയോജനപ്പെടുമെന്ന് കരുതുന്നുണ്ടോ; വിശദാംശം നൽകുമോ? | (എ) യും (ബി) യും (സി) യും ഇല്ല. ആന്ധ്രാ പ്രദേശിൽ നിന്ന് നേരിട്ട് അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി സർക്കാർ തലത്തിൽ ഒരു ഉന്നതതല സംഘം ആന്ധ്രാപ്രദേശ് സന്ദർശിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ സപ്ലൈകോക്ക് ആവശ്യമായ അരി ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം മില്ലുകളിൽ നിന്നും നേരിട്ട് വാങ്ങി നല്കാമെന്ന് തീരുമാനമായിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ ഓണക്കാലത്ത് വിപണി ഇടപെടലുകൾ ശക്തമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) ഉത്സവ കാലത്തെ പ്രത്യേക വിപണി ഇടപെടലിന്റെ ഭാഗമായി ഇപ്പോൾ പ്രവർത്തിക്കുന്ന വിൽപ്പനശാലകൾക്കു പുറമേ പ്രത്യേക ഓണച്ചന്തകൾ സംസ്ഥാനത്തുടനീളം സപ്ലൈകോ സംഘടിപ്പിക്കുന്നുണ്ട്. സപ്ലൈകോ വിൽപ്പന ശാലകളിലൂടെയും ഓണച്ചന്തകളിലൂടെയും മിതമായ നിരക്കിൽ എല്ലാ ഇനം അവശ്യസാധനങ്ങളും ആവശ്യത്തിനനുസരിച്ച് ലഭ്യമാക്കുന്നതിനുള്ള തയ്യാറെടുപ്പുകൾ സപ്ലൈകോ മുഖേന നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ